കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി4-1241/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ: 0477-2253753

തീയതി: 17.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി4-1241/16 തിയ്യതി: 17.11.2016

# ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിവരങ്ങൾ/വിശദീകരണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര് | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 17.10.16 – 21.10.16 | ശ്രീ.ജി.ഹരികുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി.സജിതദാസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ.ചന്ദ്രശേഖരൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഫമിൻ.എസ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.രഞ്ജുപ്രകാശ്, ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| 1). പ്രസിഡന്റ്<br>ശ്രീമതി.ആർ.ബിന്ദു<br>ശ്രീ.രഞ്ജിത്ത് | 01.04.15 – 31.10.15<br>01.11.15 – 31.03.16 |
| 2). സെക്രട്ടറി<br>ശ്രീ.പ്രേംകുമാർ | 01.04.15 – 31.03.16 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സുമാറാണി | 01.04.15 – 31.03.16 |
| വി.ഇ.ഒ. | ശ്രീമതി.ബീനാ ശ്രീകുമാർ | 01.04.15 – 31.03.16 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പ്രീത.എം.വി. | 01.04.15 – 31.03.16 |
| വെറ്ററിനറി സർജൻ | ഡോ.ഷൈജു.സി.എസ്. | 01.04.15 – 31.03.16 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.രാജേശ്വരി അമ്മ | 01.04.15 – 31.03.16 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.നിസാം അലി | 01.04.15 – 31.03.16 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.രജിത ശേഖർ | 01.04.15 – 31.03.16 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സുശീലദേവി.എം.പി. | 01.04.15 – 31.03.16 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ദീപ്തി നായർ | 01.04.15 – 31.03.16 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സുനിതാകുമാരി | 01.04.15 – 18.06.15 |
| | ശ്രീമതി.അഞ്ജു.ആർ. | 19.06.15 – 05.08.15 |

| | | |
|---|---|---|
| | | |
| | ശ്രീമതി.സരിത ഭാർഗ്ഗവൻ | 06.08.15 – 31.03.16 |


ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

20.05.16ലെ ബജറ്റ് 03.03.16ലെ 1-ാം നമ്പർ തീരുമാനപ്രകാരം പാസ്സാക്കി.

1-2 വാർഷിക ധനകാര്യപത്രിക.

2015-16 ലെ വാർഷിക ധനകാര്യ പത്രിക നിയമ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പരിശോധനയ്ക്ക് ലഭ്യമാക്കി.

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ആസ്തി രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ല. മറ്റ് അപാകതകൾ ഇല്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

1-4 സാമ്പത്തിക വിശകലനം

മുൻബാക്കി - 14733412

വരവ് - 70616712

ആകെ- 85350124

ചെലവ് – 74127839

നീക്കിബാക്കി- 11222285

(നീക്കിബാക്കി പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്).

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 906704 | 7486000 | 8392704 | 7568496 | 0 | 824208 |
| വികസന ഫണ്ട് (എസ്.സി.പി) | 9294 | 2344000 | 2353294 | 202000 | 0 | 333294 |
| വികസനഫണ്ട് (ടി.എസ്.പി) | 17500 | 71000 | 88500 | 18000 | 0 | 70500 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1075793 | 4706000 | 5781793 | 5473740 | 0 | 308053 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 661485 | 232000 | 2981485 | 1471451 | 0 | 1510034 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1744300 | 3808000 | 5652300 | 4391809 | 0 | 1160491 |
| എൻ.ആർ.ഇ.ജി.എസ് | - | 20071897 | 20071897 | 20071897 | 0 | - |
| ബി-ഫണ്ട് | - | 18121961 | 18121961 | 18121961 | 0 | - |

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 111 | 87 | 3 | 21 | 78.37 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 16 | 13 | 3894524 | 3563142 | 91.49 |
| കൃഷിഓഫീസർ | 2 | 2 | 100171 | 99308 | 99.13 |
| വെറ്ററിനറി സർജൻ | 1 | 1 | 20000 | 20000 | 100 |
| വി.ഇ.ഒ | 12 | 12 | 5722000 | 4777200 | 83.48 |
| എ.ഇ | 47 | 38 | 16572046 | 11533776 | 69.59 |
| എൽ.വി.ഇ.ഒ | 1 | 0 | 255000 | - | 0 |
| ICDS സൂപ്പർവൈസർ | 4 | 4 | 2808650 | 2789650 | 80.28 |
| മെഡിക്കൽ ഓഫീസർ (PHC) | 2 | 2 | 376900 | 348540 | 92.47 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 50000 | 50000 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (*ISM*) | 1 | 1 | 560000 | 560000 | 100 |
| എച്ച്.എം | 8 | 6 | 865000 | 828900 | 95.82 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 9 | 1049494 | 816300 | 77.78 |

ഒരു പ്രോജക്ട് മാത്രം ഏറ്റെടുത്ത എൽ.വി.ഇ.ഒ. ആയത് നടപ്പാക്കിയില്ല. കാരണവും വിശദീകരിച്ചില്ല. അസിസ്റ്റന്റ് എൻജിനീയറുടെ ചെലവ് വകയിരുത്തിയതിന്റെ 69.50%മാത്രമാണ്.

1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3751912 | 1731226 | 2020686 | -53.85% |
| നികുതിയേതര വരവുകൾ | 510649 | 405767 | 104882 | -20.53% |
| മറ്റ് വരവുകൾ | 1537960 | 1803661 | 265701 | +17.27% |
| ആകെ | 5800521 | 3940654 | 1859867 | -32.06% |

നികുതി, നികുതിയേതര ഇനങ്ങളിലെ വരവ് മുൻവർഷത്തേക്കാൾ യഥാക്രമം 53.85%വും 20.53%വും കുറവാണ്. തനതു വിഭവ സമാഹരണത്തിലെ അനാസ്ഥയാണ് ഇത് സൂചിപ്പിക്കുന്നത്.

1-8 തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 321 | 2147610 |
| 2 | തൊഴിൽ രഹിത വേതനം | 120 | 237120 |
| 3 | വിധവാ പെൻഷൻ | 784 | 6749480 |
| 4 | വികലാംഗ പെൻഷൻ | 432 | 2054260 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 48 | 417480 |
| 6 | വാർദ്ധക്യകാല പെൻഷൻ | 426 | 6295020 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 7 | 210000 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.16 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8548/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19.09.2016 | 1.08.16 മുതൽ 31.08.16 വരെ | ലഭിച്ചില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.04.08 | 1997-98 മുതൽ 2007-08 വരെ | 16.06.2008 | ഇല്ല |

1-11 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്.

## ഭാഗം-2
## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ലൈസൻസില്ലാത്തതും തൊഴിൽ നികുതി ഒടുക്കാത്തതുമായ സ്ഥാപനങ്ങൾ നിരവധി

കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ 2015-16 ൽ 143 സ്ഥാപനങ്ങളാണ് ഡി&ഒ ലൈസൻസെടുക്കുകയും തൊഴിൽ നികുതിയടക്കുകയും ചെയ്തിട്ടുള്ളത്. 2014-15 ലും ഇത്രതന്നെ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നു. 2015-16 പുതിയതായി 18 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിർമ്മാണപൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുകയും കെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവയുടെ ഉടമസ്ഥർക്കൊന്നും തന്നെ കേരള പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 205(ബി) പ്രകാരം പ്രസ്തുത കെട്ടിടം എന്താവശ്യത്തിന് ഉപയോഗിക്കുന്നു എന്ന് വ്യക്തമാക്കാനാവശ്യപ്പെട്ടുള്ള നോട്ടീസ് നല്കി വിവരം ശേഖരിച്ചിട്ടില്ല. പഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ പിരിച്ചെടുത്തതുക തന്നെ ഡിമാന്റായി കാണിക്കുകയാണ് ചെയ്യുന്നത്. ഏതൊക്കെ സ്ഥാപനങ്ങളാണ് ലൈസൻസില്ലാത്തത് എന്ന യാതൊരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല. ഫീൽഡ് സ്റ്റാഫ് ഇക്കാര്യങ്ങൾ പരിശോധിക്കുന്നില്ല. കുടിശ്ശിക വരവ് കൂടി കണക്കാക്കിയാൽ 2014-15 നെ അപേക്ഷിച്ച് 2015-16 ൽ ലൈസൻസിനത്തിൽ നൂറ്റിയെൺപത് രൂപയുടെ കുറവുണ്ടായി. 2015-16 ൽ യഥാകാലം ലൈസൻസിന് അപേക്ഷിച്ചവർ മൂന്ന്പേർ മാത്രമാണ്. 2015 മാർച്ച് 31 ന് അകം ലൈസൻസ് പുതുക്കിയത് 14 പേർ മാത്രവും. യഥാകാലം ലൈസൻസ് പുതുക്കാത്തവർക്കെതിരെ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടുമില്ല. മുഴുവൻ വാണിജ്യ വ്യവസായ സ്ഥാപനങ്ങളും യഥാകാലം ലൈസൻസ് എടുക്കുകയും, എടുത്തവ പുതുക്കുകയും, തൊഴിൽനികുതി അടക്കുകയും ചെയ്യുന്നു എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും അതിനായി ഫീൽഡ് സ്റ്റാഫിനെ യഥാവിധി വിന്യസിക്കേണ്ടതുമാണ്.

### 2-2 കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിലും രജിസ്റ്റർ സൂക്ഷിക്കുന്നതിലും അനാസ്ഥ

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 14 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ആയത് കിട്ടി മുപ്പത് ദിവസത്തിനകം അംഗീകരിച്ചോ കാരണം കാണിച്ച് നിരാകരിച്ചോ തീർപ്പാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന അപേക്ഷകൾ ഇതുവരെ തീർപ്പാക്കിയിട്ടില്ല.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | അപേക്ഷാ നമ്പർ | തീയതി | അപേക്ഷകൻ |
|---|---|---|---|---|
| 1 | 186 | 4401/15 | 11/11/2015 | അജയൻ, ഉമ്മശ്ശേരിൽ |
| 2 | 192 | 4446/15 | 16/11/2015 | ഹരികൃഷ്ണപിള്ള/ദിവ്യ |
| 3 | 203 | 4905/15 | 15/12/2015 | ചന്ദ്രമോഹൻ &പ്രസാദ് |
| 4 | 147 | 3166/15 | 07/08/2015 | രമേഷ്.ജി.നായർ |
| 5 | 197 | 4747/15 | 05/12/2015 | അബ്ദുൾ ലത്തീഫ് |
| 6 | 198 | 4809/15 | 08/12/2015 | വിദ്യാധരൻ |
| 7 | 195 | 4631/15 | 30/11/2015 | അഖില |
| 8 | 232 | 834/16 | 08/02/2016 | രാജുകുമാർ |
| 9 | 226 | 617/16 | 28/01/2016 | രതീഷ് |
| 10 | 236 | 890/16 | 10/02/2016 | ഷൈനി |

കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളുടെ രജിസ്റ്റർ (ചട്ടങ്ങൾ - അപ്പൻഡിക്സ് എ) പൂർണ്ണമായി എഴുതിയിട്ടില്ല. അസസ്മെന്റ് സംബന്ധിച്ച വിവരങ്ങളൊന്നും ഇതിൽ രേഖപ്പെടുത്തുന്നില്ല. അപേക്ഷകളിൽ സത്വര തീരുമാനം കൈക്കൊള്ളേണ്ടതും രജിസ്റ്ററുകൾ കൃത്യമാക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പോച്ചയിൽ ജംഗ്ഷൻ - ചെമ്പഴന്തി ജംഗ്ഷൻ റോഡ് റീ ടാറിംഗ്: ടാക്ക് കോട്ടിന് അധിക നിരക്ക്

പോച്ചയിൽ ജംഗ്ഷൻ - ചെമ്പഴന്തി ജംഗ്ഷൻ റോഡ് റീ ടാറിംഗ് എന്ന പ്രവൃത്തിയിൽ റീ ടാറിംഗിന് മുൻപ് ടാക്ക് കോട്ട് ചെയ്യുക എന്ന ഇനത്തിന് അനുവദിക്കാവുന്ന നിരക്കിന് പകരം ആദ്യമായി ടാർ ചെയ്യുമ്പോൾ ടാക്ക് കോട്ടിന് അനുവദിക്കാവുന്ന നിരക്ക് നൽകിയതുമൂലം 8426/-രൂപ അധികമായി ചെലവായി.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

- പ്രോ.നം.0018/15
- കരാറുകാരൻ - ശ്രീ.കെ.ഗോപാലകൃഷ്ണൻ
- പ്രവൃത്തിയുടെ മൂല്യം - 229077/-രൂപ (ഡി.ഡി.നം.3/30.06.15)

  എം.ബുക്ക് നം. - 69/14-15

  അനുവദിച്ച നിരക്ക്

- DSR കോഡ് 16.30.1 പ്രകാരം ആദ്യമായി ടാർ ചെയ്യുന്നതിനുള്ള ടാക്ക് കോട്ട്:

  (ഒരു ച.മീ.ടാറിംഗിന് 0.75Kg ബിറ്റുമിൻ എന്ന നിരക്കിൽ): 43.65xകോസ്റ്റ് ഇൻഡക്സ് @1.38/ച.മീ. = 60.25

  512.7 ച.മീ.@60.25/ച.മീ. = 30,890

- <u>അനുവദിക്കാവുന്നത്</u>

  DSR കോഡ് 16.30.2 പ്രകാരം റീ ടാറിംഗിനുള്ള ടാക്ക് കോട്ട് (ഒരു ച.മീ.ന് 0.5Kg ബിറ്റുമിൻ)

  31.75xകോസ്റ്റ് ഇൻഡക്സ് @1.38 = 43.815

  512.7ച.മീ. @43.815/ച.മീ. = 22,464

  അധികമായി ചെലവു ചെയ്തത് - 8426

  അധിക ചെലവിനു വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (നം.2/19.10.16) ടാറിംഗ് പൂർണ്ണമായി ഇളകിയിരുന്നതിനാൽ ബിറ്റുമിനസ് സർഫസ് ടാക്ക് കോട്ടിംഗ് പ്രായോഗികമല്ല എന്ന മറുപടി നൽകി. എന്നാൽ ബിറ്റുമിൻ പോട്ട് ഹോൾ ഫില്ലിംഗിനുശേഷം റീ ടാറിംഗ് നടത്തിയതായാണ് എം.ബുക്കിൽ രേഖ. ആയതിന് DSR code 16.30.2 പ്രകാരമുള്ള നിരക്ക് മാത്രമാണ് അനുവദിക്കാവുന്നത്. മറുപടി സ്വീകാര്യമല്ല. അധിക ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എൻജിനീയർ, എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 <u>മൃഗാശുപത്രി കെട്ടിട നിർമ്മാണം-പദ്ധതി നടത്തിപ്പിലെ അപാകം</u>

പ്രോ. നം. 0062/16

കരാർ തീയതി - 01.10.2015

കരാറുകാരന്റെ പേര്-ഡി.രഘു

വകയിരുത്തിയ തുക- 20,00,000 രൂപ

എം ബുക്ക് നം.161/15-16

പദ്ധതിയുടെ ധനകാര്യ വിശകലനം, ചെലവ് വിവരം എന്നിവ താഴെ പറയും പ്രകാരമാണ്.

| ധനകാര്യ വിശകലനം | | ചെലവ് വിവരം | |
|---|---|---|---|
| വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 6,00,000 | 97,149 | ബിൽ നം. 40/ 31.03.2016 |
| വികസന ഫണ്ട് (പൊതുവിഭാഗം-ജനറൽ) | 1,30,000 | 1,30,000 | ബിൽ നം.39/ 31.03.2016 |
| എക്സ്റ്റേണലി എയ്ഡഡ് പരിപാടി | 12,70,000 | - | - |
| ആകെ | 20,00,000 | 2,27,149 | |

അപാകം.

1). പദ്ധതിയിൽ എക്സ്റ്റേണലി എയ്ഡഡ് പരിപാടി എന്ന പേരിൽ 12,70,000 വകയിരുത്തിയിരുന്നെങ്കിലും ചെക്ക്, ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇതിനായി പ്രത്യേകം ഫണ്ട് ലഭിച്ചിട്ടില്ല എന്ന് കാണുന്നു. 4/19.10.16 നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് എക്സ്റ്റേണലി എയ്ഡഡ് പരിപാടി എന്ന പേരിൽ വകയിരുത്തിയത് മൃഗസംരക്ഷണ വകുപ്പിന്റെ അസൂത്രണം എന്ന ഫണ്ടായിരുന്നെന്നും എന്നാൽ ഈ വർഷം ഫണ്ട് ലഭിക്കുവാൻ സാധ്യതയില്ലാത്തതിനാൽ നൽകാൻ സാധിക്കുകയില്ലായെന്ന് മൃഗസംരക്ഷണ വകുപ്പ് (നം. 6931/2015/പ്ലാനിംഗ് /01.06.2015) അറിയിച്ചതായും 2016-17 വർഷം പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നും തുക വകയിരുത്തിയതായും മറുപടി നൽകിയിട്ടുണ്ട്.

2). ടെണ്ടർ നോട്ടീസ് പ്രകാരം 9മാസമാണ് പൂർത്തീകരണ കാലാവധി. സൈറ്റ് കൈമാറിയിരിക്കുന്നത് 01.10.2015 നാണ്. കാലാവധി അവസാനിച്ച് 6 മാസം കഴിഞ്ഞിട്ടും 11 % പ്രവൃത്തി മാത്രമേ ചെയ്തിട്ടുള്ളൂ. നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് 13.06.2016 ൽ കത്തയച്ചിട്ടുണ്ട്. എന്നാൽ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ 20.10.2016 ൽ നടത്തിയ സ്ഥലപരിശോധനയിൽ കോളം വാർത്തതിന് ശേഷം തുടർ പ്രവൃത്തികളൊന്നും ചെയ്തിട്ടില്ല എന്ന് കണ്ടു. തന്നെയുമല്ല ഒരു ചതുപ്പ് പ്രദേശത്തിന് നടുക്കാണ് നിർദ്ദിഷ്ട പ്രദേശം. അവിടേക്കുള്ള വഴി വാങ്ങുന്നതിനായി 2015-16 ൽ ഫണ്ട് വകയിരുത്തിയിരുന്നെങ്കിലും ഇതേ വരെയും വഴി വാങ്ങിയിട്ടില്ല.

3). മൃഗാശുപത്രി കെട്ടിടം നിലവിൽ പണിയുവാൻ ഉദ്ദേശിച്ച സ്ഥലത്ത് കേസ് നിലനിൽക്കുന്നതിനാൽ മൃഗാശുപത്രി കെട്ടിടം പണിയുവാൻ ഉദ്ദേശിച്ച് 2003-04 ൽ വാങ്ങിയ സ്ഥലത്ത് തന്നെ പഞ്ചായത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ 01.01.2016 ലെ പഞ്ചായത്ത് കമ്മറ്റി (2(5)തീരുമാനം) തീരുമാനിച്ചിരുന്നു. ഇപ്പോൾ പണിയുന്ന സ്ഥലത്തിന് ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള സൈറ്റ് സ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

4). കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട് 07.01.2016 ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തയച്ചിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ് പുതുക്കിയതായി കാണുന്നില്ല.

മേൽ പറഞ്ഞ അപാകതകളിൻ മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ആവശ്യമെങ്കിൽ എസ്റ്റിമേറ്റ് പുതുക്കുന്നതാണെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാരന് കത്ത് നൽകിയെന്നും മറുപടി നൽകി. മേൽ പറഞ്ഞ അപാകങ്ങൾ ഒഴിവാക്കി മൃഗാശുപത്രി കെട്ടിടത്തിലേയ്ക്ക് വഴി ഒരുക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 മണ്ണത്തറ തൊണ്ണച്ചാംമൂട്ടിൽ റോഡ് കോൺക്രീറ്റിംഗ് (വാർഡ് 8)- കരാർ പ്രകാരമുള്ള പ്രവൃത്തി നടത്തിയിട്ടില്ല.

പ്രോ. നം. 0034/16

കരാർ തീയതി - 11.09.2015

കരാറുകാരന്റെ പേര്- ആർ.ഹരിലാൽ

വകയിരുത്തിയ തുക- 4,60,000 (വികസന ഫണ്ട്)

ചെലവ് വിവരം - 73,148 (ബിൽ നം.35/31.03.2016)

പദ്ധതി പ്രകാരം 58 മീറ്റർ നീളം ക്വാറി മക്ക് ഫില്ലിംഗും 150മീറ്റർ നീളത്തിൽ ഗ്രാവൽ ഫില്ലിംഗും കോൺക്രീറ്റിംഗും ചെയ്യുന്നതിനാണ് 4,60,000രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിരുന്നത്. ഇപ്രകാരം ചെയ്യുന്നതിനാണ് കരാർ ചമച്ചതും. എന്നാൽ ഫില്ലിംഗ് മാത്രമായി ചെയ്ത പ്രവൃത്തിക്ക് 23.03.2016 ൽ അളവ് രേഖപ്പെടുത്തി ഫൈനൽ ബിൽ ആയി തുക അനുവദിച്ചിരിക്കുന്നു. കരാർ ലംഘിച്ച് തുക അനുവദിക്കാനുണ്ടായ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ടി പ്രവൃത്തി കോടതി ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തതിനാൽ ഭാഗികമായി നിർത്തി വെക്കേണ്ടി വന്നുവെന്നാണ് മറുപടി നൽകിയിരിക്കുന്നത്. എന്ത് കാരണത്താലാണ് പ്രവൃത്തി നിർത്തി വെച്ചത് എന്നത് വ്യക്തമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 യാത്രാ രേഖകൾ ഹാജരാക്കിയിട്ടില്ല – ഉയർന്ന നിരക്കിൽ യാത്രപ്പടി നല്കി

2015-16വർഷത്തെ ടി.എ ബിൽ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ആർ.ബിന്ദു നടത്തിയ

വിവിധ യാത്രകൾക്കുള്ള യാത്രാപ്പടിയായി വൗച്ചർ നം.94/03-16 പ്രകാരം 6114/- രൂപ നല്കിയിട്ടുണ്ട്. ഈ ചെലവിന് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1). കമ്മറ്റി അംഗീകാരത്തിനായി നല്കിയ ടൂർ ഡയറിയിൽ യാത്ര ചെയ്ത സമയം രേഖപ്പെടുത്തിയിട്ടില്ല

2). 9.11.2014, 7.10.2015 എന്നീ തീയതികളിൽ നടത്തിയ തിരുവനന്തപുരം യാത്രയ്ക്ക് ഉയർന്ന നിരക്കിലുള്ള യാത്രാപ്പടിയാണ് നല്കിയിട്ടുള്ളത് (ഫസ്റ്റ് ക്ലാസ്സ്). എന്നാൽ, യാത്രാപ്പടി ബില്ലിൽ യാത്ര ചെയ്ത സമയം, യാത്ര ചെയ്ത ട്രെയിൻ എന്നിവ ഒന്നും തന്നെ രേഖപ്പെടുത്താതെ 5AM to 10PM എന്ന് മാത്രം രേഖപ്പെടുത്തിയാണ് ഉയർന്ന നിരക്കിൽ യാത്രാപ്പടി നല്കിയിട്ടുള്ളത്. (1807/-രൂപ വീതം ആകെ 3614/- രൂപ കൈപ്പറ്റിയിട്ടുണ്ട്.)

ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്, 2015-16 ബജറ്റ് കാലാവധി അവസാനിക്കുന്നതിന് മുൻപ് സമയബന്ധിതമായി മുൻ പ്രസിഡന്റിന്റെ യാത്രാപ്പടി ബജറ്റിൽ ഉൾപ്പെടുത്തി ബില്ല് തിരക്കിട്ട് തയ്യാറാക്കിയതിനാലാണ് വീഴ്ച്ചകൾ സംഭവിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയത്. ശരിയായ യാത്രാരേഖകളെ മാത്രം ആധാരമാക്കി യാത്രാപ്പടി വാങ്ങേണ്ടതാണ്.

## 3-5 അംഗൻവാടി കെട്ടിട നിർമ്മാണം - പ്രവൃത്തി പാതിവഴിയിൽ

2005-06 സാമ്പത്തിക വർഷം ജില്ലാ സാമൂഹ്യ നീതി വകുപ്പ് പ്ലാൻ ഫണ്ടിൽ നിന്നും ഒരു അംഗൻവാടിക്ക് 55,000 രൂപ ചെലവിൽ ആകെ 4 അംഗൻവാടികൾ നിർമ്മിക്കുന്നതിനായി 2,20,000 രൂപ അനുവദിച്ചിരുന്നു.

| അംഗൻവാടി നം | അനുവദിച്ച തുക | ചെലവഴിച്ച തുക | മിച്ചമുള്ള തുക |
|---|---|---|---|
| 76 | 55,000 | 5,000 | 50,000 |
| 86 | 55,000 | 50,000 | 5,000 |
| 81 | 55,000 | 5,000 | 50,000 |
| 78 | 55,000 | 54,500 | 500 |
| | 2,20,000 | 1,14,500 | 1,05,500 |

അതിൽ 1,14,500 രൂപ വിനിയോഗിച്ച് ഭാഗികമായി നിർമ്മിച്ച ടി അംഗൻവാടി നിർമ്മാണങ്ങൾക്കായി 2014-15 ൽ പ്രോജക്റ്റ് അംഗീകാരം വാങ്ങിയെങ്കിലും തൻവർഷം പദ്ധതി നടപ്പിലാക്കാത്തതിനെ തുടർന്ന് 2015-16 ൽ സ്പിൽ ഓവറായി 78നം അംഗൻ വാടി ഒഴികെയുള്ളവയുടെ കെട്ടിട നിർമ്മാണം ആരംഭിച്ചു. എന്നാൽ 2015-16 ൽ ഭാഗികമായി മാത്രമേ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളൂ.

| പ്രോജക്റ്റ് നം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 100/16,76 നം അംഗൻവാടി കെട്ടിട നിർമ്മാണം | 7,01,938 | 4,61,845 |
| 101/16,86നം അംഗൻ വാടി കെട്ടിട നിർമ്മാണം | 7,00,000 | 3,86,764 |
| 102/16,81നം അംഗൻ വാടി കെട്ടിട നിർമ്മാണം | 7,00,000 | 3,23,479 |
| 78നം അംഗൻ വാടി | - | - |

| | | |
|---|---|---|
| കെട്ടിട നിർമ്മാണം | | |

പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 76, 86 നം കെട്ടിട നിർമ്മാണങ്ങൾ ഇപ്പോൾ പൂർത്തീകരിച്ചെന്നും 81ാം നം കെട്ടിട നിർമ്മാണം ഇതേ വരെയും പൂർത്തീകരിച്ചിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. 81ാം നം കെട്ടിട നിർമ്മാണം 27.11.2015 ൽ കരാർ വെച്ച് പണി ആരംഭിച്ചെങ്കിലും ഓഡിറ്റ് കാലയളവിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ടെണ്ടർ ഷെഡ്യൂൾ പ്രകാരം 9 മാസമായിരുന്നു പൂർത്തീകരണ കാലയളവ്. ഓഡിറ്റ് കാലയളവിലും (10/16) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇത് കൂടാതെ 78-ാം നം. അംഗൻവാടി കെട്ടിട നിർമ്മാണം ഇതേ വരെയും ആരംഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 26 അങ്കണവാടികളിൽ 7 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടം ഉള്ളത്. മേൽ പറഞ്ഞ 3 എണ്ണമുൾപ്പെടെയുള്ള അംഗൻവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 93 നം അങ്കണവാടിക്ക് സ്ഥലം ഉണ്ടെങ്കിലും ലാന്റ് റീലിംഗ്ഷ്മെന്റ് നടപടികൾ യഥാസമയം പൂർത്തീകരിക്കാത്തതിനെ തുടർന്ന് വസ്തു സ്വകാര്യ വ്യക്തി കൈവശപ്പെടുത്തിയതായും അറിയാൻ കഴിഞ്ഞു. മേൽ പറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതിന് ഭരണ സമിതിയുടെ ഭാഗത്ത് നിന്നും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം

എ. രസീത് & പേയ്മെന്റ് അക്കൗണ്ട്

| | |
|---|---|
| മുന്നിരിപ്പ് | 1,47,33,412 |
| വരവ് | 7,06,16,712 |
| ആകെ | 8,53,50,124 |
| ചെലവ് | 7,41,27,839 |
| നീക്കിയിരിപ്പ് | 1,12,22,285 |

1. വരവുഭാഗത്ത് other liability എന്ന ശീർഷകത്തിൽ (RP36) കാണിച്ചിരിക്കുന്ന 14,04,457/- എന്താണ് എന്നു വിശദീകരിച്ചിട്ടില്ല.
2. Income & Expenditure പത്രികയിൽ ബി ഫണ്ട് ഇനത്തിൽ ആദായമായും ചെലവായും കാണിച്ച തുക മുഴുവൻ രസീത് & പേയ്മെന്റ് അക്കൗണ്ടിൽചേർത്തിട്ടില്ല.

ബി. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | |
|---|---|
| ആകെ ഇൻകം | 62687401 |
| ആകെ ചെലവ് | 64866201 |
| | (-)2178800 |
| (-)മുൻകാല ഇനങ്ങൾ | 884688 |
| ഡെഫിസിറ്റ് | (-)3063488 |

1. ഷെഡ്യൂൾ I.18 പ്രകാരം മുൻകാല ഇനങ്ങളിലായി കാണിച്ചിരിക്കുന്നത് മുൻവർഷങ്ങളിൽ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾക്കൊള്ളിക്കാൻ വിട്ടുപോയ ആദായങ്ങളാണ് (അറ്റതുക) കണക്കിൽ ചേർക്കാൻ വിട്ടുപോയ ആദായങ്ങൾ ക്രമീകരിക്കുമ്പോൾ നഷ്ടം കുറക്കുകയാണ് ചെയ്യുന്നത്. എന്നാൽ നഷ്ടത്തോടൊപ്പം ആദായം ക്രമീകരിച്ചപ്പോൾ നഷ്ടം കൂടിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ഡെഫിസിറ്റ് ആയി കാണിച്ചിരിക്കുന്ന തുക ശരിയല്ല.

2. മൂലധന ആസ്തി സൃഷ്ടിക്കുന്നതിനായി കിട്ടിയ തുകയും ചെലവാക്കിയ തുകയും I&E പത്രികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സി). ബാലൻസ് ഷീറ്റ്

ആകെ ആസ്തി - 32499390

ആകെ ബാധ്യത- 32499390

1). ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ സ്ഥിര ആസ്തിയുടെ വിലയുടെ കൃത്യത ഉറപ്പാക്കാനാവില്ല.

2). പഞ്ചായത്ത് ഫണ്ട് കണക്കാക്കാൻ മുകളിൽ ബി1ൽ പറയുന്ന തെറ്റായ ഡെഫിസിറ്റ് ആണ് പരിഗണിച്ചിരിക്കുന്നത്. ആയതിനാൽ പഞ്ചായത്ത് ഫണ്ട് ശരിയല്ല.

വാർഷിക കണക്ക് കുറ്റമറ്റ രീതിയിൽ തയ്യാറാക്കേണ്ടതാണ്.

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്കായി തുക ചെലവഴിച്ചിട്ടില്ല.

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-4. (i)വായ്പ/ വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

2015-16ൽ വായ്പ ഇനത്തിൽ വരവില്ല.

(ii)വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | G.O(P) No.318/10, LSGD 28.01.10 | 10185000 | 5092500 | 1474685 | 307732 | 3617815 |

4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 721040 |
| തൻവർഷം നിക്ഷേപിച്ച തുക | 241299 |
| ആകെ | 962339 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 90165 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 872174 |

4-6. ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2008-09 | 3-3 | 4521 | ശ്രീ.നോയൽരാജ്, സെക്രട്ടറി | 11501100992 |

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2004-05-2(7)<br>2(9)<br>2(14) | 2007-08 -3.1.17<br>-3.1.18<br>-3.1.19 | അക്ഷയ കമ്പ്യൂട്ടർ സെന്റർ പദ്ധതി ബോധന കുടുംബശ്രീ- മുട്ടക്കോഴി വളർത്തൽ<br>അനുപമ കുടുംബശ്രീ- ആട്ട വളർത്തൽ | സി.എ.ആർ-ൽ ഉൾപ്പടുത്തി |
| 2011-12,2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല | 2013-14 -6.1.2<br>-6.1.3 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് | മറുപടി സമർപ്പിച്ചിട്ടുണ്ട് |

4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 70616712 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 74127839 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8426 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 73148 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8426 | സുനിതാകുമാരി,എ.ഇ.,<br>ഷൈനി.കെ.ഇ,അസി.എക്സി.എഞ്ചിനീയർ |
| ആകെ | | 8426 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 73,148 | സരിതാ ഭാർഗ്ഗവൻ,<br>അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 73,148 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുനിതാകുമാരി,എ.ഇ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>കൊട്ടാരക്കര ബ്ലോക്ക് | - |
| ഷൈനി.കെ.ഇ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ,<br>മുതുകുളം ബ്ലോക്ക് | മംഗലശ്ശേരിൽ,<br>ശങ്കർ നഗർ,<br>കൊല്ലം |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽ.എഫ്.ജി.എ5-1832/11തീയതി 30.01.12 | | |
| 2000-01 | “ | | |
| 1999-00(ചെലവ്) | “ | | |
| 2000-01 മുതൽ 2004-05 വരെ | “ | | |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/13തീയതി 16.05.14 | | |
| 2010-11 മുതൽ 2012-13വരെ | എൽ.എഫ്.എ.പി4-163/14തീയതി 29.03.14 | | |
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി4-695 /2016തീയതി 27.06.16 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി4-1241/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി:17.11.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ (ഭാഗം 4 ഖ.1) ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P4-1241/16

Kerala State Audit Department,

District Audit Office, Alappuzha.

Date: 17.11.2016

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Kandalloor Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Kandalloor Gramapanchayat for the year 2015-16 except the observations in my audit report Part IV Para 1 properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha